കണ്ണൂർ സർവ്വകലാശാല

(ഡി ഒ എ )

DOA/A2/2526/UG ADMISSION/2025-26 തീയതി: 30.05.2025

**<u>പ്രസിദ്ധീകരണത്തിന്</u>**

**<u>നാല് വർഷ ബിരുദ പ്രവേശനം (FYUGP) 2025 –26</u>**

കണ്ണൂർ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ (Govt./Aided/ Govt. Educational institutions/Self Financing/ Unaided ) 2025-26 അധ്യയന വർഷത്തിലെ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു .

നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടുന്ന വിദ്യാർഥികൾക്ക് പ്രസ്തുത പ്രോഗ്രാം പൂർത്തിയാക്കുവാൻ 3 ഓപ് ഷനുകൾ ലഭ്യമാണ്

1 . **മൂന്ന് വർഷ ബിരുദം( 3-year UG Degree)** – പ്രവേശനം നേടി മൂന്നാം വർഷം പുറത്തിറങ്ങാൻ ആഗ്രഹിക്കുന്ന വിദ്യാർഥിക്ക് തന്റെ മേജർ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ (വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ) 3 വർഷ ബിരുദം (3-year UG Degree) ലഭിക്കുന്നതാണ്.

പ്രവേശനം നേടി നാലാം വർഷത്തിൽ വിദ്യാർഥിക്ക് രണ്ടു ഓപ് ഷനുകൾ ലഭ്യമാണ്.

2 . **നാല് വർഷ ബിരുദം (ഓണേഴ്സ് ) (4- year UG Degree (Honors)**:നാലു വർഷം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് പ്രസ്തുത ഡിഗ്രി ലഭിക്കുന്നതാണ്

3 .**നാല് വർഷ ബിരുദം (ഓണേഴ്സ് വിത്ത് റിസേർച്ച് )**:ഗവേഷണ മേഖലയിൽ താല്പര്യമുള്ള വിദ്യാർഥികൾക്ക് 4-year UG Degree (Honors with Research) തിരഞ്ഞെടുക്കാവുന്നതാണ്. വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് പ്രസ്തുത ഡിഗ്രി ലഭിക്കുന്നതാണ്.

രണ്ടാം സെമെസ്റ്ററിന്റെ അവസാനത്തിൽ (മൂന്നാം സെമെസ്റ്ററിലേക്ക് ) വിദ്യാർഥിക്ക് തന്റെ മേജർ പ്രോഗ്രാം മാറ്റുവാൻ അവസരം ലഭിക്കുന്നതാണ്. ഒന്നും രണ്ടും സെമെസ്റ്ററുകളിൽ പഠിച്ച Discipline-specific foundation courses/Multidisciplinary foundation courses ന്റെ അടിസ്ഥാനത്തിലും അതുപോലെ സീറ്റിന്റെ ലഭ്യതയ്ക്കും അനുസരിച്ചും തന്റെ മേജർ പ്രോഗ്രാം വിദ്യാർഥിക്ക് മാറ്റാവുന്നതാണ്.

കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (General/Reservation/Community/Management/Sports quota ഉൾപ്പെടെയുള്ള) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. (ഇന്ത്യൻ സിറ്റിസൺ ആയിട്ടുള്ള വിദ്യാർത്ഥികൾ മാത്രമേ ഈ ഏകജാലകസംവിധാനം വഴി അപേക്ഷിക്കാൻ പാടുള്ളൂ. OCI കാർഡ് ഉള്ളവരും വിദേശ വിദ്യാർത്ഥികളും ഈ ഏകജാലക സംവിധാനം വഴി അപേക്ഷ നൽകാൻ പാടുള്ളതല്ല.)

ഓൺലൈൻ രജിസ്ട്രേഷൻ 30 മെയ് 2025, വൈകുന്നേരം 5 മണി മുതൽ ആരംഭിക്കുന്നതും 17 ജൂൺ 2025 വൈകുന്നേരം 5 മണിക്ക് അവസാനിക്കുന്നതുമാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തിയ്യതി വരെ അപേക്ഷയിലെ തെറ്റുകൾ ഫീ ഇല്ലാതെ തന്നെ തിരുത്താവുന്നതാണ്. അതിനു ശേഷമുള്ള തിരുത്തലുകൾക്ക് ഫീ ഈടാക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ admission.kannuruniversity.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

കമ്മ്യൂണിറ്റി, മാനേജ്മെൻറ്, സ്പോർട് സ് എന്നീ ക്വാട്ടകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ടും ആവശ്യമായ രേഖകളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ <u>പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.</u>

**സെല്ഫ് ഫിനാൻസിങ് കോളേജുകളുടെ ഫീസ് നിരക്ക് സർക്കാർ/എയ്ഡഡ് കോളേജുകളെ അപേക്ഷിച്ച് കൂടുതലാണ്.**

വിദ്യാർത്ഥികൾക്ക് 20 ഓപ് ഷൻ വരെ സെലക്ട് ചെയ്യാവുന്നതാണ്. കോളേജുകളെ സംബന്ധിക്കുന്ന വിവരങ്ങൾ( ദൂരം, ഹോസ്റ്റൽ സൗകര്യം മുതലായവ) അതാത് കോളേജുകളുടെ വെബ് സൈറ്റിൽ ലഭ്യമാണ്. അത് പരിശോധിച്ചതിനു ശേഷം മാത്രം കോളേജുകൾ തെരഞ്ഞെടുക്കേണ്ടതാണ്. **<u>ഓപ് ഷൻ കൊടുത്ത കോളേജുകളിലേക്ക് അലോട്ട്മെൻറ് ലഭിക്കുകയാണെങ്കിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം തുടർന്നു വരുന്ന അലോട്ട്മെൻറിൽ പരിഗണിക്കുന്നതല്ല. പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും പ്രോഗ്രാമുകളും മാത്രം മുൻഗണന ക്രമത്തിൽ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.</u>**

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അപേക്ഷയുടെ പ്രിൻറൗട്ട് കോളേജുകളിലേക്കോ സർവ്വകലാശാലയിലേക്കോ അയക്കേണ്ടതില്ല. അപേക്ഷയുടെ പ്രിൻറൗട്ടും ഫീസടച്ചതിൻറെ രസീതും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

**ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 600/- രൂപയാണ്.(SC/ST /PWBD വിഭാഗത്തിന് 300 /- രൂപ )**

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും **SBI Epay** മുഖാന്തിരം അടക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഡി.ഡി, ചെക്ക്, മറ്റു ചലാനുകൾ/ SBI Collect മുഖേനെ ഉള്ള പേയ്മെന്റുകൾ തുടങ്ങിയവ സ്വീകരിക്കുകയോ റീഫണ്ട് ചെയ്യുകയോ ചെയ്യുന്നതല്ല. ഫീസ് അടച്ച രസീതി നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. **തെറ്റായി ഒടുക്കുന്ന ഫീസുകൾ റീഫണ്ട് ചെയ്യപ്പെടുന്നതല്ല**

നിലവിൽ അംഗീകരിച്ച ഷെഡ്യൂൾ പ്രകാരം 19.06.2025 ന് ഒന്നാം അല്ലോട് മെന്റും 25.06.2025ന് രണ്ടാം അല്ലോട്മെന്റും നടക്കുന്നതാണ്. രണ്ടാം അല്ലോട് മെന്റിന് ശേഷം ലഭിക്കുന്ന അലോട് മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തിയ്യതിയിൽ കോളേജിൽ അഡ്മിഷന് വേണ്ടി ഹാജരാകേണ്ടതാണ്. അംഗീകരിച്ച ഷെഡ്യൂളിൽ മാറ്റങ്ങൾ വരാവുന്നതാണ്. അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും ശ്രദ്ധിക്കേണ്ടതാണ്.

**അന്വേഷണങ്ങൾ ഫോൺ മുഖാന്തരം മാത്രം**

ഹെൽപ്പ് ലൈൻ നമ്പർ : 0497 - 2715284 ,0497-2715261

7356948230

Website : admission.kannuruniversity.ac.in

Email id : ugdoa@kannuruniv.ac.in

<u>പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മാത്രം ബന്ധപ്പെടുക</u>

ഒപ്പ്/-
ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ്
അഡ്മിഷൻ
പരീക്ഷ കൺട്രോളർക്ക് വേണ്ടി

സ്വീകർത്താവ്:

1.P.R.O (എല്ലാ പത്രങ്ങളിലും (All Kerala ) പത്രക്കുറിപ്പ് നൽകുന്നതിനായി )
2. Web Manager
3.IT Directorate
4.Enquiry

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ